തൃശ്ശൂർ	-	3
പാലക്കാട്	-	9
മലപ്പുറം	-	3
കോഴിക്കോട്	-	3
കണ്ണൂർ	-	4
കാസർഗോഡ്	-	1
ആകെ		68

LIBRARY ARCHIVES Kerala Legislative Assembly

റിവർ മാനേജ്മെന്റ് ഫണ്ട്

125 (3872) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി ഈ തുകയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ട് എന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 58,16,62,990 (അൻപത്തിയെട്ട് കോടി പതിനാറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്) രൂപ 31-3-2015-ന് നീക്കിയിരിപ്പുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

റിവർ മാനേജ്മെന്റ് ഫണ്ട്

126 (3873) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ എത്ര തുക അവശേഷിക്കുന്നു എന്നും ഈ ഫണ്ടിന്റെ ഉറവിടം എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റിൽനിന്നും എത്ര തുക വീതം ഓരോ വർഷവും കോട്ടയം ജില്ലയിൽ ചെലവഴിച്ചുവെന്നും ഇതിൽ എത്ര തുകയാണ് വൈക്കം പരിധിയിൽ ചെലവഴിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾക്കെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കഴിഞ്ഞ മൂന്ന വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് വൈക്കം താലൂക്കിൽ നിന്നും എത്ര ഇക വീതം ലഭിച്ചിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 30-6-2015 വരെ 1,53,51,518 (ഒരുകോടി അമ്പത്തിമൂന്ന് ലക്ഷത്തി അമ്പത്തൊന്നായിരത്തി അഞ്ഞൂറ്റി പതിനെട്ട്) രൂപ അവശേഷിക്കുന്നു. അനധികൃത മണൽ കടത്തിന് പിടികൂടുന്ന വാഹനങ്ങളുടെ ഉടമകളിൽനിന്നും പിഴയായി ഈടാക്കുന്ന ഇക, അംഗീകൃത കടവ് ലേലം ചെയ്യുമ്പോൾ ലഭിക്കുന്ന ഇക, നിർമ്മിതി കേന്ദ്രത്തിൽ നിന്നും മണൽ വിൽപ്പന നടത്തുമ്പോൾ ലഭിക്കുന്ന ഇക എന്നിവയാണ് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ഉറവിടം.

(ബി) കഴിഞ്ഞ മൂന്ന വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റിൽനിന്നും കോട്ടയം ജില്ലയിൽ ചെലവഴിച്ച ഇക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്റ്റാഡ് പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിൽ ചെലവഴിച്ച ഇക- 46,000 രൂപ (ഇതിൽ വൈക്കം താലൂക്കിൽ ചെലവഴിച്ച ഇക- 25,000 രൂപ).
2. സാന്റ് ആഡിറ്റ് നടത്തുന്നതിന് ഡയറക്ടർ, സെന്റർ ഫോർ ഏറൽ മാനേജ്മെന്റ്, പെരുമ്പായിക്കാടിന് നൽകിയ ഇക- 1,00,000 രൂപ.
3. സ്റ്റാഡ് പ്രവർത്തനങ്ങൾക്കുവേണ്ടി രണ്ട് ബൊലേറോ എ.സി. വാഹനങ്ങൾ വാങ്ങിയതിന് ചെലവായ ഇക- 12,23,039 രൂപ.
4. താഴത്തങ്ങാടി അപകട മേഖലയിലെ നദീതീര സംരക്ഷണത്തിന് ആകെ ചെലവായ 1,99,47,186 രൂപയിൽ ബാക്കി നൽകാനുള്ള ഇക നൽകിയത്- 40,40,890 രൂപ.

(സി) കഴിഞ്ഞ മൂന്ന വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് വൈക്കം താലൂക്കിൽ നിന്നും ലഭിച്ച ഇക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

2013 - 15,25,425 രൂപ

2014 - 8,32,050 രൂപ

2015 - 7,16,100 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നദീതീര സംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രമാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നത്. മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ടി തുക വിനിയോഗിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

127 (3874) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായി പത്തനംതിട്ട ജില്ലാ സമിതി അംഗീകരിച്ച് സംസ്ഥാന സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച മണിമല, അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ഇത്തവണത്തേതുൾപ്പെടെ കഴിഞ്ഞ 4 വർഷത്തെ പ്രവൃത്തികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് സംസ്ഥാന സമിതി അംഗീകാരം നൽകി; അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ പേരും തുകയും നദിയും സഹിതം വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ; പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സമിതി മാറ്റിവച്ച പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന സമിതി അംഗീകാരം നൽകിയ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി ; അംഗീകാരം ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ ;

(എഫ്) വടശ്ശേരിക്കരയിലെ പേണാട്ടുകടവിൽ ക്രോസ് വേ നിർമ്മിക്കുന്നതിനായി നേരത്തെ ആർ.എം.എഫ്.-ൽ അനുമതി നൽകിയിരുന്ന ഒരു കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്തുചെയ്തു ; ഇതിനുപകരമായി ഏതെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

128 (3875) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഏതെല്ലാം ജില്ലാ കളക്ടർമാരാണ് ഭൂമി ഉപയുക്തമാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly